**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*254

**07/11/2019 ൽ മറുപടിക്ക്**

**കേരള ഭൂരേഖ നവീകരണ മിഷൻ**

**ചോദ്യം**

**ശ്രീ.ആർ. രാമചന്ദ്രൻ**
**ശ്രീമതി. ഇ.എസ്.ബിജിമോൾ**
**ശ്രീമതി. ഗീതാ ഗോപി**
**ശ്രീ.വി.ആർ.സുനിൽ കുമാർ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് കേരള ഭൂരേഖ നവീകരണ മിഷൻ എന്ന പേരിൽ ഒരു സംവിധാനം നിലവിലുണ്ടോ; | (എ) | ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുള്ളതും, നിലവിൽ പ്രവർത്തിച്ച് വരുന്നതുമാണ്. |
| (ബി) | പ്രസ്തുത മിഷൻ റവന്യൂ, സർവ്വേ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഭൂമിസംബന്ധമായ ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റിക്കിട്ടുന്നതിന് ജനങ്ങൾക്ക് സഹായകരമാകുമോ; വ്യക്തമാക്കാമോ; | (ബി) | സഹായകരമാണ്. റവന്യൂ രജിസ്ട്രേഷൻ, സർവ്വെ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾ ഭൂരേഖ നവീകരണ മിഷന്റെ കീഴിൽ, ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് ഭൂമി സംബന്ധമായ ഏതൊരു ആവശ്യവും വളരെ വേഗത്തിൽ ഏതു സ്ഥലത്തിരുന്നുകൊണ്ടും നിറവേറ്റുന്നതിന് ഓൺലൈനായി തന്നെ സാധിക്കുന്നതാണ്. ആയതിനാൽ ടി മിഷന്റെ രൂപീകരണം ജനോപകാരപ്രദമാണ് എന്ന് വിലയിരുത്താവുന്നതാണ്. |
| (സി) | ഭൂരേഖകളുടെ ഡിജിറ്റൈസേഷനും പരിപാലനത്തിനും മിഷൻ ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് അറിയിക്കാമോ? | (സി) | റവന്യൂ രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ ഏകോപിപ്പിച്ച് ഭൂരേഖ നവീകരണ മിഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നത് വഴി |

| | | | |
|---|---|---|---|
| | | | ഭൂരേഖകളുടെ ഡിജിറ്റൈസേഷനും പരിപാലനത്തിനും ഒരു പുതിയ സംവിധാനം നിലവിൽ വരികയും, പ്രസ്തുത വകുപ്പുകളിലെ എല്ലാത്തരം രേഖകളും ഡിജിറ്റലാക്കി ആയത് മിഷന്റെ പോർട്ടലിൽ ഏകോപിപ്പിച്ചാൽ അത് പൊതു ജനത്തിനും കൂടാതെ ടി മൂന്ന് വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനും ഒരു പോലെ സഹായകരമായി തീരുന്നതാണെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ